പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1764. 25-03-2013 -ൽ മറുപടിക്ക്.

## മദ്യനയം രൂപപ്പെടുത്തുന്നതിനായി ഏകാംഗ കമ്മീഷൻ

ചോദ്യം

ശ്രീ. പി. കെ. ഗുരുദാസൻ:
" ബാബു എം. പാലിശ്ശേരി:
" വി. ചെന്താമരാക്ഷൻ:
" കെ. ദാസൻ:

(എ) ബാർ ലൈസൻസുകൾ അനുവദിക്കുന്നതിൽ വിവേചനം പാടില്ലായെന്ന കേരള ഹൈക്കോടതിയുടെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനിടയായ സാഹചര്യം എന്തായിരുന്നു;

ഉത്തരം

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) അബ്കാരി പോളിസിയുടെ ഭാഗമായി, വിദേശ മദ്യനയ ചട്ടങ്ങളിൽ, സർക്കാർ ഉത്തരവ് ജി.ഒ. (പി) നമ്പർ 192/2011/നി.വ. തീയതി 09-12-2011 (SRO No.779/2011 തീയതി 09-12-2011), ജി.ഒ. (പി) നമ്പർ 48/2012/നി.വ. തീയതി 27-03-2012 (SRO No.202/2012 തീയതി 27-03-2012) എന്നീ ഉത്തരവുകൾ പ്രകാരം വരുത്തിയ മാറ്റങ്ങൾ, ബഹു. കേരള ഹൈക്കോടതി, റിട്ട് അപ്പീൽ 470/12 -ലും, മറ്റ് അനുബന്ധ കേസുകളിലുമായി, 27-07-2012-ന് നടത്തിയ വിധിന്യായത്തിലൂടെ റദ്ദ് ചെയ്തിട്ടുണ്ട്.

ടി ഉത്തരവുകളിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുകയെന്നതാണ് സർക്കാർ ലക്ഷ്യമാക്കിയിരുന്നത്. പ്രസ്തുത ഉദ്ദേശ്യത്തോടെയാണ് സർക്കാർ കാലാകാലങ്ങളിൽ മദ്യനയത്തിൽ മാറ്റം വരുത്താറുള്ളത്. ബാർ ലൈസൻസ് നൽകുന്നതിന്, 3 സ്റ്റാറും അതിനു മുകളിലും പദവിയുള്ള ഹോട്ടലുകൾക്കാണ് അനുവാദം നൽകി വന്നിരുന്നത്. ബാർ ലൈസൻസ്, 01-04-2012 മുതൽ, 4 സ്റ്റാറും അതിനു മുകളിലും പദവിയുള്ള ഹോട്ടലുകൾക്ക് മാത്രമായി നിജപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവാണ് ബഹു. കേരള ഹൈക്കോടതി റദ്ദു ചെയ്തത്.

(ബി) അബ്കാരി നയത്തിൽ ഭേദഗതി വരുത്തുന്നതിനായി ശുപാർശകൾ തേടാൻ ഏകാംഗ കമ്മീഷനെ നിയോഗിക്കാൻ തീരുമാനിച്ചത് എപ്പോഴായിരുന്നു; അതിനിടെ പുതുതായി ബാർ ലൈസൻസുകൾ അനുവദിക്കുകയുണ്ടായോ; എങ്കിൽ ആർക്കൊക്കെ; യഥാർത്ഥത്തിൽ ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകേണ്ടതില്ലെന്ന നയം സർക്കാരിനുണ്ടോ;

(ബി) സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) നമ്പർ 12/2013/നി.വ. തീയതി 23-01-2013 ഉത്തരവ് പ്രകാരം, റിട്ട. ജസ്റ്റിസ് എം. രാമചന്ദ്രനെ, ഏകാംഗ കമ്മീഷനായി നിയമിക്കുകയും, ടി കമ്മീഷന്റെ ശുപാർശ ലഭിക്കുന്നതുവരെ പുതിയ ബാർ ലൈസൻസ് നൽകേണ്ടതില്ലെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച്, സർക്കാർ ഉത്തരവ് ജി.ഒ. (പി)20/2013/നി.വ. തീയതി 12-02-2013 പ്രകാരം വിദേശമദ്യച്ചട്ടത്തിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ടി ഭേദഗതി നിലവിൽ വന്നശേഷം ബാർ ലൈസൻസ് ഒന്നും സർക്കാർ നൽകിയിട്ടില്ല.

(സി) ഈ വർഷത്തേക്ക് പ്രഖ്യാപിച്ച മദ്യനയം നിലനില്ക്കുന്നുണ്ടോ;

(സി) ഉണ്ട്. എന്നാൽ, 01-04-2012 മുതൽ 4 സ്റ്റാറും അതിനു മുകളിലും പദവിയുള്ള ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസ് നൽകൂ എന്ന വ്യവസ്ഥ ബഹു. കേരള ഹൈക്കോടതി റദ്ദാക്കിയതിനാൽ, ഇതിനെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്.

(ഡി) അടുത്ത വർഷത്തേക്കുള്ള മദ്യനയം രൂപപ്പെടുത്തുന്നതിനാണോ ഏകാംഗ കമ്മീഷനെ നിയോഗിച്ചിരിക്കുന്നത്?

(ഡി) സംസ്ഥാനത്ത് ഈ മേഖലയിൽ ഇപ്പോൾ നിലവിലുള്ള പ്രശ്നങ്ങൾ പഠിച്ച്, നയരൂപീകരണത്തിനായി, ഒരു സമഗ്ര റിപ്പോർട്ട് നൽകുന്നതിനാണ് ഏകാംഗ കമ്മീഷനെ നിയോഗിച്ചിരിക്കുന്നത്.

സെക്ഷൻ ആഫീസർ